# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 646 — 28/9/2016 -ൽ മറുപടിക്ക്

## വാട്ടർ സപ്ലൈ സ്കീം

### ചോദ്യം

ശ്രീ. പി.ബി.അബ്ദുൽ റസാക്ക്

(എ) വാട്ടർ സപ്ലൈ സ്കീമുകൾക്ക വേണ്ടി വാങ്ങിയ വിവിധ വലിപ്പത്തിലുള്ള പൈപ്പുകളിൽ ബാക്കി വന്നവ ഏതെങ്കിലും യാർഡുകളിൽ ശേഖരിക്കുന്നതിനുപകരം റോഡുകളിൽ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടു വാങ്ങിയ പൈപ്പുകളിൽ ബാക്കി വന്നവ അതതു റോഡുകളിൽ ഉപേക്ഷിച്ചതുമൂലം ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൈപ്പ് ലേയിംഗ് കഴിഞ്ഞ റോഡുകളിൽ അവശേഷിച്ചിട്ടുള്ള പൈപ്പുകൾ അടിയന്തരമായി നീക്കം ചെയ്യാൻ നിർദ്ദേശം നല്കുമോ?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി വാങ്ങുന്ന പൈപ്പുകൾ വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിലും യാർഡുകളിലുമാണ് ശേഖരിക്കാറുള്ളത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 5 പദ്ധതികളായ തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ പൂർത്തീകരിച്ച പദ്ധതികളായ പട്ടുവം, ചേർത്തല എന്നിവിടങ്ങളിലെ ബാക്കി വന്ന പൈപ്പുകളും ഇപ്രകാരമാണ് സൂക്ഷിക്കാറുള്ളത്. പൈപ്പ് ലൈൻ പണി പുരോഗമിക്കുന്ന സമയത്ത് മാത്രമേ റോഡുകളിൽ പൈപ്പ് ഇടാറുള്ളൂ. എന്നിരുന്നാലും നടന്നു വരുന്ന വിതരണ ശൃംഖലയുടെ പണിയുമായി ബന്ധപ്പെട്ട് ഇനി സ്ഥാപിക്കേണ്ട പൈപ്പുകളിൽ ചില സ്ഥലങ്ങളിൽ അതാതു റോഡുകളിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധം കരാറുകാരുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നടന്നുകൊണ്ടിരിക്കുന്ന പണി പുരോഗമിക്കുന്ന മുറയ്ക്ക് ഈ പൈപ്പുകൾ സ്ഥാപിക്കുന്നതും ബാക്കി വരുന്നവ യാർഡുകളിൽ മാറ്റുവാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ